മലയാള
ഗൾഫ് മനോരമ
2001 മേയ് 10

# വരകളിൽ തുടിക്കുന്ന വിസ്മയം

**പുന്നയൂർക്കുളം സെയ്നുദ്ദീൻ**

**സ്വതസിദ്ധമായ കഴിവും പരിശീലനവും കൺസെപ്റ്റും ഒത്തുചേരുമ്പോൾ അനിൽകുമാർ എന്ന യുവചിത്രകാരൻ പ്രവാസികളായ മറ്റു ചിത്രകാരൻമാർക്കിടയിൽ വേറിട്ടുനിൽക്കുന്നു.**



ഒമാനിലെ ആദിവാസി പെൺകുട്ടി

എട്ടുവർഷം ഒമാനിലെ കലാപ്രവർത്തനങ്ങൾക്കിടയിൽ നിരവധി തവണ പ്രശസ്ത ആർട്ട് ഗാലറികളായ അൽ അറൈമിയിലും അൽഹാർത്തിയിലും അദ്ദേഹത്തിന്റെ ചിത്രങ്ങൾ പ്രദർശിപ്പിച്ചു. 50 ഒമാനി റിയാൽ മുതൽ 700 റിയാൽ വരെയായിരുന്നു ചിത്രങ്ങളുടെ വില (ഏകദേശം 6000 മുതൽ 80,000 വരെ ഇന്ത്യൻ രൂപ). പാശ്ചാത്യ രാജ്യങ്ങളെ അപേക്ഷിച്ച് മധ്യപൂർവ രാജ്യങ്ങളിൽ ചിത്രങ്ങളുടെ വിപണി അത്ര സജീവമല്ല. ഉയർന്ന വില നൽകി വാങ്ങാൻ ആളുകളും നന്നേ കുറയും. തദ്ദേശീയരുടെ പാരമ്പര്യങ്ങളും സംസ്കാരങ്ങളും ചരിത്രവസ്തുക്കളും ഭരണാധികാരികളുമൊക്കെ കാൻവാസിലെ വർണങ്ങളിലേക്കു സന്നിവേശിപ്പിച്ചപ്പോൾ അനിൽകുമാറിന്റെ ചിത്രങ്ങൾ മുന്തിയ വിലനൽകി സ്വായത്തമാക്കാൻ തദ്ദേശീയർ മുന്നോട്ടുവന്നു. എട്ടുവർഷം അദ്ദേഹം ഒമാനിലെ സോഹാറിൽ സ്വന്തമായി ആർട്ട് സ്റ്റുഡിയോ നടത്തിവരികയായിരുന്നു.

കഴിഞ്ഞ ഒരുവർഷമായി ഈ യുവചിത്രകാരൻ യു.എ.ഇയിലേക്കു കൂടുമാറി. യു.എ.ഇയിലും തദ്ദേശീയരുടെ തനതു കലാരൂപങ്ങളും ആചാരങ്ങളും പൈതൃകങ്ങളും മറ്റും ഇദ്ദേഹം ചിത്രങ്ങൾക്കു വിഷയീഭവിപ്പിക്കുന്നു. ഇപ്പോൾ ഷാർജയിലെ ഒരു ഇന്റീരിയൽ ഡെക്കറേഷൻ കമ്പനിയിൽ ആർട്ടിസ്റ്റായി ജോലിനോക്കുന്നു. അതുപേക്ഷിച്ചു സ്വന്തമായി ഒരു സെറ്റപ് ഉണ്ടാക്കാനുള്ള പരിപാടിയാണെന്ന് അനിൽ പറഞ്ഞു.

ജലച്ചായവും എണ്ണച്ചായവും അനിൽ മാറിമാറി പരീക്ഷിക്കുന്നുണ്ട്. ചിത്രരചനയിലുള്ള പരമ്പരാഗത രീതികൾ കൂടാതെ റഫ് പെയിന്റിങ്, നൈഫ് പെയിന്റിങ് എന്നീ രീതികളും പരീക്ഷിക്കുന്നു. റഫ് പെയിന്റിങ്ങിലൂടെ ശക്തമായ വ്യതിരിക്ത ഭാവം ചിത്രങ്ങൾക്കു കൈവരിക്കാനാവുമെന്ന് അദ്ദേഹം പറയുന്നു. വളരെയേറെ സൂക്ഷ്മത പുലർത്തേണ്ട രീതിയാണു നൈഫ് പെയിന്റിങ്. നൈഫ് പെയിന്റിങ് വ്യത്യസ്തവും വളരെയേറെ ആകർഷകവുമായ ചിത്രരചനാ രീതിയാണ്.

വൃദ്ധസദനങ്ങളുടെ ഭിത്തികൾക്കുള്ളിലേക്കു തള്ളുന്ന വാർധക്യം 'വൃദ്ധൻമാർ' എന്ന ചിത്രത്തിലൂടെ അനിൽ വരച്ചുകാണിക്കുന്നു. വാർധക്യത്തിന്റെ വേവലാതിയും വിഹ്വലതകളും ഈ ഒമാനി വൃദ്ധൻമാരുടെ ഭാവങ്ങളിലൂടെ ആവിഷ്കരിക്കാൻ കഴിഞ്ഞത് അനിലിന്റെ നേട്ടമാണ്. ഒമാനിലെ പരമ്പരാഗത ഫാമിലിയിൽനിന്നുള്ള പെൺകുട്ടിയും അത്തരം ശ്രദ്ധേയമായ ചിത്രമാണ്.

വർണങ്ങളുടെ സമഗ്രമായ മേളനത്തിലൂടെ ആശയങ്ങൾ കാഴ്ചക്കാരനിലേക്കു പകർന്നുകൊടുക്കുന്ന രീതി. അതായത്, ആധുനീകരും മുമ്പു പ്രഗൽഭരായിരുന്നിട്ടുള്ള പലരും ചെയ്തിട്ടുള്ള അതേ സാങ്കേതികത. പ്രസക്തമായ ആശയങ്ങളുടെ ചിത്രസന്നിവേശവും അനിലിന്റെ രചനാ പാടവത്തിന് ആനുകൂല്യം നൽകുന്നു.

സ്കൂളിൽ പഠിക്കുന്ന കാലം മുതലേ ചിത്രരചനയിൽ തൽപരനായിരുന്നു. സ്വദേശം പത്തനംതിട്ട ജില്ലയിലെ ഇലവുംതിട്ട. പത്താംതരം കഴിഞ്ഞതോടെ പൂർണമായും ചിത്രകലാ പഠനത്തിലേക്കു ശ്രദ്ധതിരിച്ചു. പന്തളം രാജകൊട്ടാരത്തിലെ ആർട്ടിസ്റ്റായിരുന്ന വി. എസ്. വല്യത്താൻ, ആർട്ടിസ്റ്റ് രവിശങ്കർ എന്നീ പ്രഗൽഭരുടെ കീഴിൽ പരിശീലനം നേടിയിട്ടുണ്ട്.



ആർട്ടിസ്റ്റ്
അനിൽകുമാർ



'വൃദ്ധൻമാർ'
എന്ന ചിത്രം.